

# മാതൃവാണി

## വാർത്താപത്രിക

2020 – 2021

മലയാളവിഭാഗം, സെയ്ന്റ് അലോഷ്യസ് കോളേജ് എടത്വാ



ഡോ. ജോച്ചൻ ജോസഫ്
പ്രിൻസിപ്പാൾ



പ്രൊഫ. ജോജി ജോസഫ്
വൈസ് പ്രിൻസിപ്പാൾ



വെരി റവ. ഫാ. മാത്യു ചൂരവടി
മാനേജർ



ഫാ. ജോമ്സി പൂവത്തോലിൽ
ബർസാർ

## സന്ദേശം

മാതൃഭാഷയെക്കുറിച്ചുള്ള മലയാളികളുടെ പൊതുബോധം പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ആയിരത്തിതൊള്ളായിരത്തിതൊണ്ണൂറുകൾവരെ നല്ല മലയാളം, തെറ്റില്ലാത്ത മലയാളം എന്നൊക്കെ നാം പറഞ്ഞുകൊണ്ടിരുന്നത് ഉപരിവർഗ്ഗത്തിന്റെ അനുഭവങ്ങളെ ആവിഷ്ക്കരിക്കുന്ന വരേണ്യമായ മാനകമലയാളത്തെപ്പറ്റി ആയിരുന്നുവെന്നും ജീവിതപരിസരങ്ങൾ മാറുന്നതനുസരിച്ച് ഭാഷയ്ക്കകത്തുതന്നെ വ്യത്യസ്തതകൾ ഉണ്ടാകുമെന്നും അവയെക്കൂടി ഉത്കൃഷ്ട അപകൃഷ്ട ഭേദമില്ലാതെ ചേർത്തുവയ്ക്കുമ്പോഴാണ് ഭാഷാപരമായ ജനാധിപത്യം സാധ്യമാകുന്നതെന്നും ഇന്ന് നാം തിരിച്ചറിയുന്നുണ്ട്. ആ അർത്ഥത്തിൽ ദളിത്ഭാഷ, ഗോത്രഭാഷ, ആദിവാസിഭാഷ, കടപ്പുറഭാഷ തുടങ്ങിയ പലമകളെ അങ്ങനെതന്നെ സ്വീകരിച്ചു കൊണ്ട് മലയാളഭാഷയും സാഹിത്യവും ഇപ്പോൾ പുതിയതുറവികൾ തേടുകയാണ്. ആദിവാസികളുടെ ഭാഷ നമ്മൾ ഉപയോഗിക്കുന്ന മാനകമലയാളമല്ലെന്നും വിദ്യാലയങ്ങളിൽ നിന്നുള്ള അവരുടെ കൊഴിഞ്ഞു പോക്കിനു കാരണം ഒരുപരിധിവരെ ഭാഷാപരമായ അന്യത്വമാണെന്നും ഒക്കെ തിരിച്ചറിഞ്ഞുകൊണ്ടുള്ള നവീകരണശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. അക്കാദമികതലത്തിലുള്ള മലയാളപഠനം കൂടുതൽ വിശാലവും മാനവികവുമായ ഉത്തരവാദിത്വം കൂടി ഏറ്റെടുത്തുകൊണ്ട് മുന്നേറുന്ന സമകാലികകാലഘട്ടത്തിൽ, നമ്മുടെ കോളേജിലെ മലയാളവിഭാഗം ക്രിയാത്മകവും ജാഗ്രത്തുമായ പ്രവർത്തനങ്ങൾ കൊണ്ട് സജീവത നിലനിർത്തുന്നു. മലയാളവിഭാഗത്തിൽ നിന്നും പുറത്തിറക്കുന്ന ഈ വാർത്താപത്രികയ്ക്ക് എല്ലാവിധ പിൻതുണയും അഭിനന്ദനവും അറിയിച്ചു കൊള്ളുന്നു..

**ഡോ. ജോച്ചൻ ജോസഫ്**
പ്രിൻസിപ്പാൾ



## മുഖമൊഴി



ഭരണത്തിന്റെ എല്ലാതലങ്ങളിലും മലയാളം ഉപയോഗിക്കുവാൻ ഔദ്യോഗികമായ തീരുമാനം വന്നതിനുശേഷവും മാതൃഭാഷയോട് പലതരത്തിലും വിവേചനം തുടരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. യു.പി. സ്കൂൾ അധ്യാപകപരീക്ഷ മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വരെയുള്ള പരീക്ഷകളിൽ നിന്ന് മലയാളത്തെ ഒഴിവാക്കിയതും അതിനെതിരെ സംസ്കാരിക പ്രവർത്തകരും ജനാധിപത്യബോധമുള്ളവരും നടത്തിയ സമരങ്ങളും നാം കണ്ടുകഴിഞ്ഞു. ഇംഗ്ലീഷ് ഭരണഭാഷയാകുന്നതിനു തൊട്ടുമുമ്പും ആ ഭാഷയെ ഔദ്യോഗികകാര്യങ്ങൾക്ക് ഉപയോഗിച്ചു തുടങ്ങിയ കാലഘട്ടത്തിലും മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള രേഖകൾ നമ്മുടെ ചിന്തയെ ഉദ്ദീപിപ്പിക്കാൻ ഉതകുന്നതാണ്. 1809 ൽ വേലുത്തമ്പി ദളവ ബ്രിട്ടീഷുകാരോട് സമരപ്രഖ്യാപനം നടത്താൻ പ്രസിദ്ധപ്പെടുത്തിയ കുണ്ടറ വിളംബരം മലയാളഭാഷയിൽ ആയിരുന്നു. നാട്ടുഭാഷയിൽ ആയിരുന്നതിനാൽ അതിന് ശക്തി കുറഞ്ഞുപോയിരുന്നില്ല. ഇങ്ങനെയുള്ള പല വസ്തുതകളും യാഥാർത്ഥ്യമായി മുന്നിലിരിക്കെയാണ് സാങ്കേതികത്വത്തിന്റെ തടസ്സവാദങ്ങൾ ഉന്നയിച്ച് ഇരുപത്തിഒന്നാം നൂറ്റാണ്ടിലും മാതൃഭാഷയെ പടിക്കു പുറത്തു നിർത്തുന്നത്. ഇത്തരമൊരു ചരിത്രസന്ധിയിലാണ് അക്കാദമികരംഗത്തെ മലയാളപഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഏറുന്നത്. കേവലം സിലബസിൽ ഊന്നിനിന്നു കൊണ്ടുള്ള പ്രവർത്തനങ്ങളല്ല നമ്മുടെ കോളേജിലെ മലയാളവിഭാഗം നടത്തുന്നത്. സമൂഹത്തിന്റെ ചലനങ്ങളെ കൃത്യമായി മനസിലാക്കുകയും അതിനനുബന്ധമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത് മാതൃഭാഷാ പഠനത്തെ അവഗണി

*ശേഷം 2-ാം പേജിൽ....*




*മുഖമൊഴി തുടർച്ച...*

ക്കാത്ത, മാതൃഭാഷയെ ജീവശ്വാസമായെണ്ണുന്ന ഒരു പുതുതലമുറയെ സൃഷ്ടിക്കാൻ മലയാളവിഭാഗത്തിലെ അധ്യാപകർ പ്രതിജ്ഞാബദ്ധരാണ്. മലയാളനാടിന്റെ ഇടം ഇന്ത്യയുടെ ഭൂപടത്തിൽ നിലനിൽക്കണമെങ്കിൽ മലയാളികൾ ഈ ബോധ്യമുൾക്കൊണ്ടേതീരൂ. ഇത്തരം ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന എടത്വാ സെയ്ന്റ് അലോഷ്യസ് കോളേജ് മലയാളവിഭാഗത്തിന്റെ ഈ വർഷത്തെ ന്യൂസ്ലെറ്റർ സാദരം സമർപ്പിക്കട്ടെ.

**ഡോ. ജോമോൾ ജോസ്**
മലയാളവിഭാഗം അധ്യക്ഷ

ആണ്ട്തോറും നവംബർ മാസത്തിൽ ആദ്യവാരം ഇവിടെ പല സാംസ്ക്കാരിക സ്ഥാപനങ്ങളും കലാലയങ്ങളും വിദ്യാലയങ്ങളും ഒക്കെ ഭാഷാവാരാചരണം നടത്തുന്നുണ്ട്. പക്ഷെ നവംബറിലെ ആദ്യത്തെ ഒരാഴ്ചകഴിഞ്ഞാൽ വീണ്ടും പഴയ പടിയിലേക്കു നീങ്ങുന്നു. ചുരുക്കത്തിൽ ഭാഷാവാരാചരണം ആണ്ട് ശ്രാദ്ധമായി മാറിയിരിക്കുന്നു. ഇംഗ്ലീഷിനെ പാടെ വർജ്ജിക്കണമെന്നല്ല പറയുന്നത്. ലോക ഭാഷയിലെ ക്ലാസ്സിക്കുകൾ പഠിക്കാനും അവ ഭാഷാന്തരത്തിലൂടെ മലയാളിക്ക് ലഭിക്കുവാനും അതുപോലെ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ പഠിക്കാനും മനസ്സിലാക്കാനും ഇംഗ്ലീഷ് ഒരു ബന്ധഭാഷയായി നിലനിർത്തണം. സ്വാതന്ത്ര്യസമരകാലത്ത് ഇൻഡ്യയെ കണ്ടെത്താനുള്ള ശ്രമത്തിൽ മഹാത്മാ ഗാന്ധി ഇൻഡ്യയുടെ ധാർമ്മികതയും മൗലികതയും ഊന്നിയുള്ള കൊടിപാറിക്കാൻ ശ്രമിച്ചപ്പോൾ രവീന്ദ്രനാഥടാഗോർ വളരെ താഴ്മയോടെ അദ്ദേഹത്തോടു പറഞ്ഞു. 'മറ്റേ കയ്യില് യൂണിവേഴ്സൽ ഫ്ളാഗും വേണം'. സാർവ്വലൗകികഅവബോധത്തിന്റെ കൊടിയാണത്. ഒരു നല്ല ഭാരതീയനായി ഇരിക്കുന്നതോടൊപ്പം നല്ലൊരു വിശ്വപൗരനായിരിക്കുകയും വേണം. അന്ധമായ ഭാഷാപ്രേമമല്ല വേണ്ടത് മലയാളം നമ്മുടെ സ്വന്തം ഭാഷ എന്ന അവബോധം മലയാളിക്കുണ്ടാവുകയാണ് വേണ്ടത്. ഭാഷ വളരുന്നയിടത്തേ ഒരു സംസ്ക്കാരം വളരൂ സംസ്ക്കാരം വളരുന്ന യിടത്തേ നാടുണരൂ എം.ടി.യുടെ വാക്കുകളാണിവിടെ പ്രസക്തമാകുന്നത്.


*(ഡോ.നടുവട്ടം ഗോപാല കൃഷ്ണന്റെ പ്രസംഗത്തിൽ നിന്ന്)*

നവംബർ 1 കേരളപ്പിറവിയും മലയാളഭാഷാദിനവും. നവംബർ 1 - 7 മാതൃഭാഷാ ഭരണഭാഷാ വാരം ഇവയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് വേണ്ട സന്ദേശങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ നൽകി. **ഭരണഭാഷ – അകവും പുറവും** എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന വെബിനാറിൽ പ്രിൻസിപ്പാൾ **ഡോ.ജോച്ചൻ ജോസഫ്** അധ്യക്ഷനും കേരളസംസ്ഥാന ന്യൂനപക്ഷഭാഷാവിഭാഗം സ്പെഷൽ ആഫീസർ **ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ** ഉദ്ഘാടകനും ആയിരുന്നു. വകുപ്പധ്യക്ഷ **ഡോ.ജോമോൾ ജോസ്**, ഫാക്കൽറ്റിയംഗം **ഡോ. സരിത കെ.ആർ** എന്നിവർ നേതൃത്വം നൽകി.

**വായനാ വാരാചരണം – ജൂൺ 19 –26**

സന്ദേശം – **ഡോ.ജോച്ചൻ ജോസഫ്.** പ്രിൻസിപ്പാൾ

കേരളാ ഗ്രന്ഥശാലാപ്രസ്ഥാന ചരിത്രം അവതരണം – **ഡോ.ജോമോൾ ജോസ്** വകുപ്പധ്യക്ഷ



വായനകൾ

| | |
|---|---|
| ജൂൺ 19 | From the Holy Bible |
| ജൂൺ 20 | From the Biography of Sardar Patel by A. K. Menon |
| ജൂൺ 23 | ***ഗാന്ധിജിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങളിൽ നിന്ന്'*** |
| ജൂൺ 24 | ***കെ.പി. കേശവമേനോന്റെ 'നാം മുന്നോട്ട്'ൽ നിന്ന്*** |
| ജൂൺ 25 | From the 'Discovery of India' by Jawahar Lal Nehru. |
| ജൂൺ 26 | ***കെ.എൻ.ഗണേശിന്റെ 'കേരളത്തിൻറെ ഇന്നലെകൾ'ൽ നിന്ന്*** |



**ഡോ.സരിത കെ.ആർ.**
ഗസ്റ്റ് ഫാക്കൽറ്റി

**വായനാനുഭവം തയാറാക്കൽ**

1. **'സുധാ മൂർത്തിയുടെ ജീവിതത്തിലേയ്ക്ക് ചേർത്തു തുന്നിയ മൂവായിരം തുന്നലുകൾ'** ആസ്പദമാക്കി വായനാനുഭവം തയാറാക്കിയത് - ബി.കോം ടാക്സേഷൻ രണ്ടാം വർഷ വിദ്യാർത്ഥി **അക്സാ ഷിജു**
2. **'ഗാന്ധിജിയുടെ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ'** ആസ്പദമാക്കി വായനാനുഭവം തയാറാക്കിയത് - ബി.കോം ടാക്സേഷൻ രണ്ടാം വർഷ വിദ്യാർത്ഥി **റോസ്മി മാത്യു.**



അക്സാ ഷിജു



റോസ്മി മാത്യു

## ലോകമാതൃഭാഷാദിനം. ഫെബ്രുവരി 21

### മലയാള ചെറുകഥാസാഹിത്യ ക്വിസ് വിജയികൾ

മോഡൽ 1. സയൻസ്

1. **നന്ദന എൻ**. ഫിസിക്സ് ഒന്നാം വർഷം
2. **ശ്രേയ എസ്.** മാത്സ് ഒന്നാം വർഷം

സയൻസ്. മോഡൽ 2

1. **ശ്രുതി പ്രതാപ്,** 2. **വർഷ**

ആർട്സ് . മോഡൽ 1

1. **ജിയ മറിയം ചാക്കോ**
2. **അഞ്ജലി എസ്.**

ആർട്സ്. മോഡൽ 2

1. **അമൽ പ്രസാദ്,** 2. **ബിനിൽനാഥ്**

കൊമേഴ്സ് ,മോഡൽ 1


1. **അങ്കിത് ബി. കളപ്പുര,** 2. **അഞ്ജലി കെ.**

കൊമേഴ്സ്. മോഡൽ 2

1. **ജീനാമോൾ വിൻസെന്റ്**
2. **മേഘ മരിയ ചാക്കോ**


**ഓവറോൾ** (ഒന്നും രണ്ടും സ്ഥാനങ്ങൾ)


1. **ശ്രുതിപ്രതാപ്.** സുവോളജി. ഒന്നാം വർഷം. 2. **ജീനാമോൾ വിൻസെൻറ്.** ബി.കോം. കമ്പ്യൂട്ടർ ഒന്നാം വർഷം




## ഇന്റർ കൊളീജിയേറ്റ് ചിത്രരചനാ മത്സരം

### പെൻസിൽ ഡ്രോയിംഗ് & വാട്ടർ കളർ





ഒന്നാം സമ്മാനം
**ബി. ജ്ഞാനപ്രിയ**
ബി.എസ്.സി.മാത്സ്. രണ്ടാം വർഷം ഡി.ബി.കോളേജ്.
തലയോലപ്പറമ്പ്.

രണ്ടാം സമ്മാനം
**അഭിജിത്ത് ആർ. നായർ**
എം.എ. മലയാളം
സെയ്ന്റ് തോമസ് കോളേജ്.പാലാ

മൂന്നാം സമ്മാനം
**റുക്സാന**
ബി.എസ്.സി. ഫിസിക്സ്. രണ്ടാം വർഷം
എൻ.എസ്.എസ്.ഹിന്ദു കോളേജ്. ചങ്ങനാശ്ശേരി

**ജലഛായം**

1. **സജിനി സജി**
ബി.എസ്.സി.ബോട്ടണി രണ്ടാം വർഷം
ബസേലിയോസ് കോളേജ്
കോട്ടയം

2. **ശരത് ശശി**
ബി.എസ്.സി.മാത്സ് രണ്ടാം വർഷം
പി.ആർ.ഡി.എസ്.കോളേജ്
അമര. ചങ്ങനാശ്ശേരി

3. **ആര്യ സുരേഷ്**
ബി.എ. ഇക്കണോമിക്സ് രണ്ടാം വർഷം
സെയ്ന്റ് അലോഷ്യസ് കോളേജ്.എടത്വാ.



## ജനുവരി 30. രക്തസാക്ഷിദിനം.
### അടിക്കുറിപ്പു രചനാമത്സരം മത്സരവിജയികൾ

1. **അഹീര രാജ്.** (ബി എസ് സി.കെമിസ്ട്രി ഒന്നാം വർഷം),
2. **വിഷ്ണു കെ.** (ബി.എസ്.സി മാത്സ് ഒന്നാം വർഷം),
3. **അർച്ചന ഹരിദാസ്** (ബി.കോം ടാക്സേഷൻ.ഒന്നാം വർഷം)




## മെയ് 29 എവറസ്റ്റ് ദിനം.
### കവിതാരചന മത്സരവിഷയം – ഹിമവാൻ

1. **മരിയ ആൻറണി** ക്രിസ്തു ജ്യോതി കോളേജ് ഓഫ് മാനേജ്മെൻറ് & ടെക്നോളജി, ചെത്തിപ്പുഴ, കോട്ടയം.
2. **കാവ്യ റ്റി. ഡി.** വിശ്വബ്രാഹ്മണ കോളേജ്, വെച്ചൂച്ചിറ, പത്തനംതിട്ട.
3. **റാഫാ വി. റഫീക്ക്,** കാർമൽ കോളേജ്.മാള. തൃശൂർ

## എൻഡോവ്മെന്റുകൾ

1. **ചേരിയിൽ ലക്ഷ്മിയമ്മ ആശാൻ എൻഡോവ്മെന്റ്** (ബി.എ./ ബി.എസ്.സി. 1-4 സെമസ്റ്ററുകളിൽ മലയാളത്തിന് ഏറ്റവും ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥി) - **ആതിരഎസ്.** കെമിസ്ട്രി മൂന്നാം വർഷം
2. **പ്രൊഫ. തുളസിയാമ്മ ജി. എൻഡോവ്മെന്റ്** (ബി.എ/ബി.എസ്.സി 1-2 സെമസ്റ്ററുകളിൽ മലയാളത്തിന് ഏറ്റവും ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥി) - **മിഥുൻ ജി.** ബി.എസ്.സി. ഫിസിക്സ്
3. **പ്രൊഫ. തങ്കമ്മ തോമസ് എൻഡോവ്മെന്റ്** (മോഡൽ 1 ബികോം. 1-2 സെമസ്റ്ററുകളിൽ മലയാളത്തിന് ഏറ്റവും ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥി) -**ബിയാ ഔസേപ്പ്** ., ബി.കോം ടാക്സേഷൻ രണ്ടാം വർഷം.
4. **മിസ്സിസ് ആൻഡ് മിസ്റ്റർ ഗ്രിഗറി ജോസഫ് നാലുപുരയ്ക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്** (ബി.എ., ബി.എസ്.സി., ബി.കോം. മോഡൽ 1, 2 കോഴ്സുകളിൽ മലയാളത്തിന് ഏറ്റവും ഉയർന്ന ശതമാനം മാർക്ക് നേടിയ വിദ്യാർത്ഥി) **ബിയാ ഔസേപ്പ്** ബി.കോം ടാക്സേഷൻ രണ്ടാം വർഷം.


ആതിര എസ്.


മിഥുൻ ജി.


ബിയാ ഔസേപ്പ്

## ഫാക്കൽറ്റി- നേട്ടങ്ങൾ

**പേപ്പർ പ്രസിദ്ധീകരണം - ഡോ. ജോമോൾ ജോസ്.**

1. **ആത്മചരിതവായന – ഒരു സാമൂഹ്യവായന.** **''ജേണൽ ഓഫ് ഡി.ബി.സി.റ്റി.''** എ ബൈആന്വൽ മൾട്ടി ഡിസിപ്ലിനറി ജേണൽ. വാല്യം 7 (1) മാർച്ച് 2020. ISSN 2348- 7984. പേജ് 56 – 64
2. **ഈഴവരുടെ വിദ്യാഭ്യാസ, തൊഴിൽ അവകാശ സമരങ്ങൾ** - സി. കേശവന്റെ ജീവിതസമരത്തെ ആസ്പദമാക്കി ഒരു പഠനം. **''ജേണൽ ഓഫ് ഡി.ബി.സി.റ്റി.''** എ ബൈ ആന്വൽ മൾട്ടി ഡിസിപ്ലിനറി ജേണൽ വാല്യം 7 (2). സെപ്റ്റംബർ 2020. ISSN 2348 – 7984. പേജ് 81- 89